# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 694 07.01.2014- ൽ മറുപടിക്ക്

### ടെക്സ്റ്റൈൽ കോർപ്പറേഷൻ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടെക്സ്റ്റൈൽകോർപ്പറേഷനെ നവീകരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:<br><br>1)2011-2012 സാമ്പത്തികവർഷം 782 ലക്ഷം രൂപ പ്രവർത്തനമൂലധന വായ്പയായി നൽകിയിട്ടുണ്ട്.<br>2)2012-2013 സാമ്പത്തികവർഷം 585.50 ലക്ഷം രൂപ പ്രവർത്തന മൂലധന വായ്പയായും 297.50 ലക്ഷം രൂപ പുതിയ മൂന്നു മില്ലുകളുടെ പ്രവർത്തന മൂലധന വായ്പയായും 372.50 ലക്ഷം രൂപ ഒരു നിറ്റിംഗ് ആന്റ് ഗാർമെന്റ് മാനുഫാക്ച്ചറിംഗ് യൂണിറ്റ് തുടങ്ങുന്നതിനുള്ള വായ്പയായും നൽകിയിട്ടുണ്ട്.<br>3)2013-2014 സാമ്പത്തികവർഷം 491.72 ലക്ഷം രൂപ സ്പിന്നിംഗ് മില്ലുകളിലെ യന്ത്രങ്ങളിൽ വളരെ അത്യാവശ്യം വേണ്ട അറ്റകുറ്റ പണികളും പുതിയ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുമായി വകയിരുത്തിയിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി കഴിഞ്ഞു. |

| | | | |
|---|---|---|---|
| (ബി) | കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാം; | (ബി) | കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമായി 2013-2014 വർഷത്തെ ബഡ്ജറ്റിൽ 168.79 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മില്ലിന്റെ അറ്റകുറ്റപണികളും പുതിയ യന്ത്രസാമഗ്രികൾ വാങ്ങി സ്ഥാപിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കോട്ടയം ടെക്സ്റ്റൈൽസിൽ ഒരു ടെക്സ്റ്റൈൽ ടെക്നോളജി കോളേജ് തുടങ്ങുന്നതിന് നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ടോ; | (സി) & (ഡി) | കോട്ടയം ടെക്സ്റ്റൈൽസിൽ ഒരു എൻജിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോളേജ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ 26.07.2013-ൽ കൂടിയ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡു യോഗം, ഈ പദ്ധതി പ്രായോഗികമല്ലെന്ന് വിലയിരുത്തുകയും, ടി പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ടി വിഷയത്തിൽ വ്യവസായവകുപ്പിന്റെ ഫയൽ നമ്പർ 16900/സി3/2012/വ്യവ ആണ്. |
| (ഡി) | എങ്കിൽ ഇത് സംബന്ധിച്ച ആവശ്യത്തിൻമേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ; വ്യവസായവകുപ്പിലെ ഇത് സംബന്ധിച്ചുള്ള ഫയൽ നമ്പർ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ